"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്- സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്- വാർഷിക പദ്ധതി 2025-26 Support for Statistical Strengthening Project - SASA- മരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയ ഉത്തരവ്- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.92/2026/P&EA തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-
1. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടറുടെ 24.06.2025 ലെ ഡി.ഇ.എസ്/1496/2025/PL(1) നം കത്ത്
2. 04.10.2025 ലെ സ.ഉ.(സാധാ)നം.413/2025/P&EA
3. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടറുടെ 31.12.2025 ലെ ഡി.ഇ.എസ്/1496/2025/PL(1) നം കത്ത്

**<u>ഉത്തരവ്</u>**

Support for Statistical Strengthening Project എന്ന സ്കീമിന് കീഴിൽ, സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA)-ന്റെ ഓഫീസ് കെട്ടിടത്തിന് ചുറ്റും ഇന്റർലോക്ക്, കോമ്പൗണ്ട് വാൾ, ഗേറ്റ് എന്നിവ പണികഴിപ്പിക്കുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള 11,62,569/- രൂപയുടെ പ്രവൃത്തികൾക്കും പൊതു റോഡിൽ നിന്ന് സ്ഥാപനത്തിലേക്ക് ടാർ ചെയ്ത റോഡ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള 7,62,721/-രൂപയുടെ പ്രവൃത്തികൾക്കും പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

എന്നാൽ, ഇന്റേണൽ റോഡ് ടാറിംഗ്, Pavement of Interlock എന്നീ പ്രവൃത്തികൾക്ക് സെന്റേജ് ചാർജ് & ജിഎസ്ടി അടക്കം യഥാക്രമം 8.23739 ലക്ഷം രൂപയുടെയും, 12.55575 ലക്ഷം രൂപയുടെയും, Construction of Compound

wall and gate എന്ന പ്രവൃത്തിയുടെ നിർവഹണത്തിന് 3.77201 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകളാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം നൽകിയിട്ടുള്ളത് എന്നും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പ്രൊപ്പോസലിൽ Pavement of Interlock, Construction of Compound wall and gate, Tarring of Internal Road എന്നീ പ്രവൃത്തികളുടെ സെന്റേജ് & ജിഎസ്ടി ചാർജുകൾ ഉൾപ്പെട്ടിരുന്നില്ലെന്നും അതോടൊപ്പം Construction of Compound wall and gate എന്ന ഘടകത്തിന്റെ എസ്റ്റിമേറ്റും ഉൾപ്പെട്ടിരുന്നില്ലെന്നും ആയതിനാൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതിയിൽ ഭേദഗതി വരുത്തി ലഭ്യമാക്കണമെന്ന് പരാമർശം (3) പ്രകാരം സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ Support for Statistical Strengthening Project (3454-02-112-89-PV)എന്ന സ്കീമിന് കീഴിൽ വരുന്ന (1) Pavement of Interlock, (2) Construction of Compound wall and gate, (3) Tarring of Internal Road എന്നീ പ്രവർത്തികൾക്ക് യഥാക്രമം **₹12,55,575 (പന്ത്രണ്ട് ലക്ഷത്തി അൻപത്തി അയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ), ₹3,77,201 (മൂന്ന് ലക്ഷത്തി എഴുപത്തിയേഴായിരത്തി ഇരുനൂറ്റി ഒന്ന് രൂപ), ₹8,23,739 (എട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി എഴുന്നൂറ്റി മുപ്പത്തിയൊമ്പത് രൂപ) രൂപയുടെ** എസ്റ്റിമേറ്റുകൾ ഉൾപ്പെടുത്തി പരാമർശം (2) ലെ ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. മേൽ ഭേദഗതികളോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ & ഇ), കേരള തിരുവനന്തപുരം.
3. ഡയറക്ടർ, ട്രഷറി ഡിപ്പാർട്ടമെന്റ്, കേരള, തിരുവനന്തപുരം.

4. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
5. ധനകാര്യ വകുപ്പ്(നം.വ്യയം-ബി3/309/2025-ധന)
6. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ )
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(PLGEA-B1/153/2025-PLGEA)

ഉത്തരവിൻ പ്രകാരം
Signed by
Unnikrishnan Nair. B. S
Date: 28-02-2026 12:30:06
സെക്ഷൻ ഓഫീസർ